സർക്കാർ കടം

13 (401) ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ എത്ര രൂപയുടെ കടം സർക്കാരിന് ഉണ്ടായിരുന്നു ;

(ബി) ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ കടം എത്ര കോടി രൂപയായി വർദ്ധിച്ചു ;

(സി) കടം വർദ്ധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണം എന്താണ് ?

ഉത്തരം

(എ) 10,113.54 കോടി രൂപ.

(ബി) 20,176.06 കോടി രൂപ.

(സി) വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ പണം ചെലവഴിക്കേണ്ടി വരുന്നതും റവന്യൂ വരുമാനത്തിലുണ്ടാകുന്ന കുറവും കടം വർദ്ധിക്കാൻ ഒരു പ്രധാന കാരണമാണ്. കൂടാതെ അടുത്തകാലത്തനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യവും റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിലുള്ള കുറവും ഇതിന് കാരണമാകുന്നു.

സർക്കാരിന്റെ കടബാദ്ധ്യത

14 (402) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാരിന്റെ കടബാദ്ധ്യത എത്രയായിരുന്നു ;

(ബി) ഈ ബാദ്ധ്യത ഗവൺമെന്റിന്റെ എത്ര വർഷത്തെ പ്രവർത്തന ഫലമായുണ്ടായതാണെന്ന് പറയാമോ ;

(സി) ഇപ്പോൾ ഗവൺമെന്റിന്റെ കടബാദ്ധ്യത എത്രയെന്ന് വിശദീകരിക്കുമോ ;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷമുണ്ടായ കടബാദ്ധ്യത എത്രയാണ് ;

(ഇ) ഈ കടബാദ്ധ്യത ഉണ്ടാകുവാനുള്ള കാരണമെന്താണെന്ന് പറയുമോ ;

(എഫ്) മറ്റൊരു കടമെടുക്കാതെ ഈ കടം കൊടുത്ത് തീർക്കുവാനുള്ള കോശസ്ഥിതി ഗവൺമെന്റിനുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly